# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAD KLM P2/1343/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 27/04/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAD KLM P2/1343/21 തീയ്യതി: 27/04/2022

## കൊല്ലം ജില്ലയിലെ തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-03-2021 മുതൽ 21-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അമ്പിളി.എം.ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 22-09-2021 | 29-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-09-2021 | 29-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. രഞ്ജിത്ത് കുമാർ.ജി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. അമ്പിളി ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അരുൺജിത്ത്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അനിൽകുമാർ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.രാജശ്രീ. സി.ആർ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.യേശുദാസൻ.എ | പ്രസിഡന്റ് | 01-04-2020 | 31-12-2020 |
| ശ്രീമതി.തങ്കച്ചി പ്രഭാകരൻ | പ്രസിഡന്റ് | 24-01-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഷാനവാസ്.എ | സെക്രട്ടറി | 01-04-2020 | 09-06-2020 |
| ശ്രീ.സേവ്യർ.എ | സെക്രട്ടറി | 10-06-2020 | 25-12-2020 |
| ശ്രീ.ജയദേവ്. ബി | സെക്രട്ടറി ഇൻചാർജ്ജ് | 26-12-2020 | 17-01-2021 |
| ശ്രീ.സേവ്യർ.എ | സെക്രട്ടറി | 18-01-2021 | 16-03-2021 |
| ശ്രീ.ജയദേവ്. ബി | സെക്രട്ടറി ഇൻചാർജ്ജ് | 17-03-2021 | 31-03-2021 |
| ശ്രീ.സേവ്യർ.ജെ | അസി.സെക്രട്ടറി | 01-04-2020 | 31-05-2020 |
| ശ്രീ.ജയദേവ്. ബി | അസി.സെക്രട്ടറി | 01-06-2020 | 31-03-2021 |
| ശ്രീമതി.ഷിജിന.എൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.സഫീന ഇബ്രാഹിം | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.ഷംന.ബി.എൻ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.അനൂപ്.വി.എസ് | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.ഗാഥ.ജി | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.സുധർമണി.ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.വൃന്ദകുമാരി.കെ.കെ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി.ശാരിക.ഒ.എസ് | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ.ജോൺസൺ.ജി. | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി.കലാരഞ്ജിനി. | ഡയറിഫാംഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഫാത്തിമ.എസ് | അസി.എഞ്ചിനിയർ | 01-04-2020 | 16-02-2021 |
| ശ്രീമതി.ഇന്ദു.എൽ.ആർ | അസി.എഞ്ചിനിയർ | 17-02-2021 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Anilkumar S (Senior Grade Auditor, On 28-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 03-02-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Arunjith G (Senior Grade Auditor, On 30-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 03-02-2022) | 1-2 |
| 3 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: Arunjith G (Senior Grade Auditor, On 30-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 23-04-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Arunjith G (Senior Grade Auditor, On 30-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 23-04-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Arunjith G (Senior Grade Auditor, On 30-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 29-04-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Anilkumar S (Senior Grade Auditor, On 28-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 03-02-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ranjith Kumar G (Audit Officer (HG), On 28-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 03-02-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Anilkumar S (Senior Grade Auditor, On 28-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 23-04-2022) | 1-7 |
| 9 | സാമൂഹ്യ സുരക്ഷ പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല<br>Written By: Anilkumar S (Senior Grade Auditor, On 29-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 29-04-2022) | 1-7-1 |
| 10 | ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ, പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.<br>Written By: Anilkumar S (Senior Grade Auditor, On 29-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 23-04-2022) | 1-7-2 |
| 11 | സർവ്വീസ് പെൻഷൻകാർ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റി<br>Written By: Anilkumar S (Senior Grade Auditor, On 29-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 29-04-2022) | 1-7-3 |
| 12 | ക്യാഷ് പരിശോധന<br>Written By: Anilkumar S (Senior Grade Auditor, On 28-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 23-04-2022) | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: Ranjith Kumar G (Audit Officer (HG), On 29-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 29-04-2022) | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Anilkumar S (Senior Grade Auditor, On 28-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 03-02-2022) | 1-10 |
| 15 | ഇ-ടെൻഡർ മുഖേനയുള്ള വരവ് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയില്ല<br>Written By: Ranjith Kumar G (Audit Officer (HG), On 29-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 23-04-2022) | 1-11 |
| 16 | വാടക കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു<br>Written By: Rajasree.C.R (Auditor, On 29-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 23-04-2022) | 1-12 |
| 17 | കടമുറികൾ ഒഴിഞ്ഞുകിടക്കുന്നു - ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം<br>Written By: Rajasree.C.R (Auditor, On 29-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 03-02-2022) | 1-13 |
| 18 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല<br>Written By: Rajasree.C.R (Auditor, On 29-09-2021) | 1-14 |

| | | |
|---|---|---|
| | Last Updated By: Bini Chandran S (Computer Assistant, On 29-04-2022) | |
| 19 | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - തുക ഒടുക്കിയെങ്കിലും പണി പൂർത്തീകരിച്ചില്ല<br>Written By: G.Ambili (Senior Grade Auditor, On 29-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 23-04-2022) | 1-15 |
| 20 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - തുക ഒടുക്കിയെങ്കിലും നാളിതുവരെ കമ്പ്യൂട്ടർ ലഭിച്ചില്ല<br>Written By: G.Ambili (Senior Grade Auditor, On 29-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 23-04-2022) | 1-16 |
| 21 | ഘടക സ്ഥാപനങ്ങൾക്കു ഫർണീച്ചർ - നാളിതുവരെ വിതരണം ചെയ്തിട്ടില്ല.<br>Written By: G.Ambili (Senior Grade Auditor, On 29-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 23-04-2022) | 1-17 |
| 22 | പൊതുകുടിവെള്ള ടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള ഫീസ് അടച്ചിട്ടും പണി നടത്തിയില്ല.<br>Written By: G.Ambili (Senior Grade Auditor, On 29-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 23-04-2022) | 1-18 |
| 23 | വാഴകൃഷി വികസനം -പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം ചെലവഴിച്ചില്ല.<br>Written By: G.Ambili (Senior Grade Auditor, On 29-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 23-04-2022) | 1-19 |
| 24 | കന്നുകുട്ടി പരിപാലനം - തീറ്റ സബ്സിഡി പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: G.Ambili (Senior Grade Auditor, On 29-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 23-04-2022) | 1-20 |
| 25 | കെ.എം.എസ്.സി.എൽ.-ൽ നിന്നും മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായും ലഭിച്ചില്ല<br>Written By: Rajasree.C.R (Auditor, On 29-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 23-04-2022) | 1-21 |
| 26 | സി.എച്ച്.സിയ്ക്ക് ജനറേറ്റർ - അവശേഷിക്കുന്ന തുക തിരികെ അടവാക്കിയില്ല<br>Written By: Rajasree.C.R (Auditor, On 29-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 29-04-2022) | 1-22 |
| 27 | ഗ്രാമ പഞ്ചായത്തിന്റേതല്ലാത്ത ഫണ്ട് തിരികെ നല്കാതെ ദീർഘകാലമായി തനത് ഫണ്ടിനായുള്ള ബാങ്ക് അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നു.<br>Written By: Arunjith G (Senior Grade Auditor, On 30-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 23-04-2022) | 1-23 |
| 28 | മൂല്യവർദ്ധിത നികുതി ഇനത്തിലെ കുടിശ്ശികകൾ ഒടുക്കിയിട്ടില്ല.<br>Written By: Arunjith G (Senior Grade Auditor, On 30-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 29-04-2022) | 1-24 |
| 29 | തൊഴിലുറപ്പുപദ്ധതി - അവലോകനം<br>Written By: Ranjith Kumar G (Audit Officer (HG), On 28-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 23-04-2022) | 1-25 |
| 30 | കറണ്ട് ചാർജ്ജിനത്തിൽ അധികം ഒടുക്കിയ 1725/-രൂപ ബന്ധപ്പെട്ട വ്യക്തിയിൽ നിന്നും ഈടാക്കേണ്ടതാണ്.<br>Written By: Anilkumar S (Senior Grade Auditor, On 29-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 29-04-2022) | 1-26 |
| 31 | മുറിച്ച മരങ്ങൾ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല.<br>Written By: Anilkumar S (Senior Grade Auditor, On 29-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 07-02-2022) | 1-27 |
| 32 | തെരുവു വിളക്കുകളുടെ കറണ്ട് ചാർജ്ജ് രണ്ട് തവണ ഒടുക്കി.<br>Written By: Anilkumar S (Senior Grade Auditor, On 29-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 17-05-2022) | 1-28 |
| 33 | എസ്.എസ്.എ.വിഹിതം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ 500000/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Anilkumar S (Senior Grade Auditor, On 29-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 07-02-2022) | 1-29 |
| 34 | ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ലൈബ്രറിക്ക് ടെലിവിഷൻ വാങ്ങുന്നതിന് സഹായം നൽകാതെ ലൈബ്രറി കൗൺസിലിന്റെ അംഗീകാരമില്ലാത്ത ലൈബ്രറികൾക്ക് ആനുകൂല്യം നൽകി. | 1-30 |

| | | |
|---|---|---|
| | Written By: Anilkumar S (Senior Grade Auditor, On 29-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 23-04-2022) | |
| 35 | പത്താംതരം, ഹയർസെക്കന്ററി തുല്യത - ഒരിക്കൽ രജിസ്റ്റർ ചെയ്ത പഠിതാക്കളെ വീണ്ടും രജിസ്റ്റർ ചെയ്യുന്നതിന് ചെലവഴിച്ച 45900/- രൂപ നിരാകരിക്കുന്നു.<br>Written By: Anilkumar S (Senior Grade Auditor, On 29-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 23-04-2022) | 1-31 |
| 36 | ലൈഫ് ഭവനപദ്ധതി ലോൺ തുക വിനിയോഗിക്കാതെ ദീർഘകാലമായി അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നു.<br>Written By: Arunjith G (Senior Grade Auditor, On 30-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 08-02-2022) | 1-32 |
| 37 | ലൈഫ് ഭവന പദ്ധതി ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താവ് രണ്ട് വർഷത്തിനുശേഷവും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല<br>Written By: Arunjith G (Senior Grade Auditor, On 30-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 07-02-2022) | 1-33 |
| 38 | ലൈഫ് ഭവന നിർമ്മാണ പദ്ധതി - വീടുകൾ പൂർത്തീകരിച്ചില്ല.<br>Written By: Arunjith G (Senior Grade Auditor, On 30-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 23-04-2022) | 1-34 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | സി.എച്ച്.സി-യ്ക്ക് ജനറേറ്റർ - അവശേഷിക്കുന്ന തുക തിരികെ അടവാക്കിയില്ല<br>Written By: G.Ambili (Senior Grade Auditor, On 29-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 29-04-2022) | 3-1 |
| 2 | തെരുവു വിളക്കുകളുടെ കറണ്ട് ചാർജ്ജ് രണ്ട് തവണ ഒടുക്കി.<br>Written By: Bini Chandran S (Computer Assistant, On 07-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 17-05-2022) | 3-2 |
| 3 | പത്താംതരം, ഹയർസെക്കന്ററി തുല്യത -ഒരിക്കൽ രജിസ്റ്റർ ചെയ്ത പഠിതാക്കളെ വീണ്ടും രജിസ്റ്റർ ചെയ്യുന്നതിന് ചെലവഴിച്ച 45900/- രൂപ നിരാകരിക്കുന്നു.<br>Written By: Anilkumar S (Senior Grade Auditor, On 29-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 23-04-2022) | 3-3 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Anilkumar S (Senior Grade Auditor, On 27-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 07-02-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Anilkumar S (Senior Grade Auditor, On 28-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 29-04-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Anilkumar S (Senior Grade Auditor, On 28-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 23-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Anilkumar S (Senior Grade Auditor, On 27-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 07-02-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Anilkumar S (Senior Grade Auditor, On 27-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 23-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Anilkumar S (Senior Grade Auditor, On 27-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 07-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Anilkumar S (Senior Grade Auditor, On 27-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 07-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Anilkumar S (Senior Grade Auditor, On 27-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 23-04-2022) | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Anilkumar S (Senior Grade Auditor, On 27-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 07-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Anilkumar S (Senior Grade Auditor, On 30-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 29-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Anilkumar S (Senior Grade Auditor, On 27-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 29-04-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

20.2.20 തീയതിയിലെ 2 (1)നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.21 | 24.06.21 | - | - |

### 1-2-1 വാർഷികകണക്കുകളിലെ അപാകതകൾ

1) ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂൾ പ്രകാരം കെ എസ് ഇ ബി, കേരള പി ഡബ്ല്യ ഡി എന്നീ സ്ഥാപനങ്ങളിൽ വിവിധ പ്രവൃത്തികൾക്കായി തുകകൾ നിക്ഷേപിച്ചിട്ടുണ്ട് (2017-18 സാമ്പത്തിക വർഷം കെഎസ് ഇബി യിൽ ₹36,432/-, 2017-18 ൽ കേരള പി ഡബ്ല്യ ഡി യിൽ ₹3,56,200/-).

എന്നാൽ ഇവ ഉൾപ്പെടുത്തി അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2) വസ്തുനികുതി തൻവർഷ ഡിമാന്റ്, കളക്ഷൻ, കുടിശ്ശിക തുകകളുടെയും മുൻവർഷ കുടിശ്ശിക തുകകളുടെയും അക്കൗണ്ടിംഗ് സഞ്ചയ സ്റ്റേറ്റുമെന്റിലെ തുകകളുമായി പൊരുത്തപ്പെടുത്തുന്നതിനായി നടത്തിയ ബുക്ക് അഡ്ജസ്റ്റുമെന്റുകളുടെ കൃത്യത ബോധ്യപ്പെടുത്തുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) ആസ്തികളുടെ മൂല്യം നിർണ്ണയിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) ധനകാര്യ പത്രികയിലെ ബി-12 ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്തിന് ₹500/-ടെ സ്ഥിര നിക്ഷേപം നിലവിലുണ്ട്. ആയതിന്റെ രസീതും മറ്റ് വിശദാംശങ്ങളും സ്ഥിരനിക്ഷേപ രജിസ്റ്റർ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5) തനത് ഫണ്ടിനായുള്ള എസ് ബി ഐ അക്കൗണ്ടിൽ ( അക്കൗണ്ട് നം.57010611755 ) നിന്നും 24.03.20 ന് നല്കിയ 931727 നമ്പർ ചെക്ക് ( തുക ₹1,775 ) നാളിതുവരെ പണമാക്കിമാറ്റിയിട്ടില്ലെങ്കിലും "Liabilitiy In Respect Of Stale Cheque" എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹51,60,717/- |
| ഓഡിറ്റ് വർഷത്തെ വരവ് | ₹6,75,08,374/- |
| ആകെ | ₹7,26,69,091/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹6,01,08,167/- |
| നീക്കിയിരിപ്പ് | ₹1,25,60,924/- |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം /ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹89,432/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹13,00,395/- |

### 1-4 ഗ്രാന്റ് വിനിയോഗം

(A) സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ കണക്കുകൾ പ്രകാരം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ലാപ്പ്സായ തുക ₹ | ക്യൂബിൽ തുക ₹ |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,47,26,250/- | 1,47,26,250/- | 1,31,96,556/- | 15,29,694/- | - |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 0 | 34,59,000/- | 34,59,000/- | 32,09,652/- | 2,49,348/- | - |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | 62,000/- | 62,000/- | 50,000/- | 12,000/- | - |
| ധനകാര്യ കമ്മീഷൻഗ്രാന്റ് (ബേസിക്-അൺടൈഡ്) | 0 | 90,34,376/- | 90,34,376/- | 66,23,462/- | 24,10,914/- | - |
| ധനകാര്യ കമ്മീഷൻഗ്രാന്റ് (ടൈഡ്) | 0 | 47,10,000/- | 47,10,000/- | 16,02,135/- | 31,07,865/- | - |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 53,54,000/- | 53,54,000/- | 39,85,926/- | 13,68,074/- | - |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 41,85,237/- | 41,85,237/- | 38,34,138/- | 3,51,099/- | - |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | | |
| ശുചിത്വ മിഷൻ | 9,15,358/- | 17,66,959/- | 26,82,317/- | 84,000/- | 25,98,317/- | 0 |
| ലൈഫ് മിഷൻ- സംസ്ഥാന വിഹിതം | 10,40,000/- | 0 | 10,40,000/- | 3,60,000/- | 6,80,000/- | 0 |
| ബയോ ഡൈവേഴ്സിറ്റി | 3,05,775/- | 8,401/- | 3,14,176/- | - | 3,14,176/- | 0 |
| മറ്റ് പദ്ധതികൾക്കുള്ള ഗ്രാന്റ് | 0 | 62,000/- | 62,000/- | 62,000/- | 0 | 0 |
| എംജിഎൻആർഇജിഎസ് (സംസ്ഥാന വിഹിതം) | 54,234/- | 9,66,595/- | 10,20,829/- | 9,81,033/- | 39,796/- | 0 |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| ഐസിഡിഎസ് | 22,32,241/- | 11,96,713/- | 34,28,954/- | 8,98,742/- | 25,30,212/- | 0 |
| സമ്പൂർണ്ണ ശുചിത്വം (ടിഎസ് സി) | 83,761/- | 2,60,000/- | 3,43,761/- | 2,60,000/- | 83,761/- | 0 |
| സ്വച്ഛ് ഭാരത് മിഷൻ | 2,45,681/- | 0 | 2,45,681/- | 1,78,492/- | 67,189/- | 0 |
| എസ് എസ് എ | 75,601/- | 3,301/- | 78,902/- | 0 | 78,902/- | 0 |

(B) ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്ന ഫണ്ടുകളുടെ വിവരം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ലാപ്പ്സായ തുക ₹ | ജി.ഒ പ്രോജക്ട് പ്രകാരം സോഴ്സിൽ കുറവ് ചെയ്ത തുക ₹ |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,27,81,959/- | 1,27,81,959/- | 1,31,96,556/- | -4,14,597/- | 19,44,291/- |
| വികസനഫണ്ട് (എസ്.സി.പി) | 0 | 33,71,235/- | 33,71,235/- | 32,09,652/- | 1,61,583/- | 87,765/- |

ജി.ഒ പ്രോജക്ട് പ്രകാരം സോഴ്സിൽ നിന്നും കുറവ് ചെയ്ത തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിന്റെ വരവ് ഭാഗത്ത് ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിലും, നീക്കിബാക്കിയിലും വ്യത്യാസം പ്രതിഫലിച്ചിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 154 | 84271086/- | 136 | 43599883/- | - | 18 | 88.31% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 54234/- | 966595/- | 1020829/- | 981033/- | 39796/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്(EFMS) | 0 | 31062175/- | 31062175/- | 31062175/- | 0 |
| ആകെ | 54234/- | 32028770/- | 32083004/- | 32043208/- | 39796/- |


### 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 126840/- | 95 |
| കർഷകതൊഴിലാളി പെൻഷൻ | 1936100/- | 101 |
| വിധവാപെൻഷൻ | 14022300/- | 746 |
| വാർദ്ധക്യകാലപെൻഷൻ | 15750600/- | 890 |
| വികലാംഗപെൻഷൻ | 5559800/- | 287 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 261900/- | 14 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 300000/- | 10 |

### 1-7-1 സാമൂഹ്യ സുരക്ഷ പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല

സാമൂഹ്യ സുരക്ഷ പെൻഷൻ കിട്ടി കൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് വിവിധ കാരണങ്ങളാൽ അർഹത ഇല്ലാതാകുന്ന ഘട്ടത്തിൽ സേവന സോഫ്റ്റ് വെയർ വഴി സസ്പെൻഷൻ റിക്വസ്റ്റ് നൽകാവുന്നതാണ്. പ്രസ്തുത 'വിൻഡോ'യുടെ ദൃശ്യം ചുവടെ ചേർക്കുന്നു.




റിക്വസ്റ്റ് നൽകുന്ന തീയതി മുതൽ പ്രസ്തുത ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ ചെയ്യപ്പെടുന്നതാണ്. പെൻഷണറുടെ മരണം മൂലമോ മറ്റെന്തെങ്കിലും കാരണത്താലോ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി മുതൽ പെൻഷൻ സസ്പെന്റ് ചെയ്യാനുള്ള സംവിധാനം സേവന സോഫ്റ്റ് വെയറിൽ ഇല്ലാത്തതിനാൽ സസ്പെന്റ് ചെയ്യപ്പെട്ട തീയതിക്കും അർഹത ഇല്ലാതായ തീയതിക്കും ഇടയിലുള്ള മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടാകാൻ സാധ്യതയുണ്ട്. ഇത് സർക്കാരിന് നഷ്ടം വരുത്തുന്നതിനും അനർഹർ പെൻഷൻ തുക വസൂലാക്കുന്നതിനും ഇടയാക്കും. പെൻഷന് അർഹത ഇല്ലാതെയാകുന്ന തീയതി കണ്ടു പിടിക്കുന്നതിന് നിലവിലുള്ള ഏക മാർഗ്ഗം സസ്പെൻഷൻ റിക്വസ്റ്റിനോടൊപ്പം നൽകുന്ന ഫയൽ നമ്പർ പ്രകാരമുള്ള ഫയലാണ്. എന്നാൽ തെക്കുംഭാഗം ഗ്രാമ പഞ്ചായത്തിൽ അത്തരത്തിൽ ഫയലുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പെൻഷന് അർഹത ഇല്ലാതാകുന്ന

തീയതി കണ്ടെത്താൻ സാധിക്കുന്നില്ല. സേവന സോഫ്റ്റ് വെയറിൽ ഫയൽ നമ്പർ ചേർക്കുകയും അതേ നമ്പരിൽ ഫയലുകൾ ഇല്ലാതിരിക്കുകയും ചെയ്യുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് കണക്കാക്കുന്നു. ഇതു മൂലം അനർഹമായ പെൻഷൻ വിതരണത്തിന് സാധ്യതയുള്ളതിനാൽ തന്നെ ഓഡിറ്റ് വർഷം പെൻഷൻ സസ്പെന്റ് ചെയ്യപ്പെട്ട ഗുണഭോക്താക്കളുടെ ഫയൽ തയ്യാറാക്കേണ്ടതും ആയത് പ്രകാരം അനർഹമായ കാലഘട്ടത്തിൽ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്.

1-7-2 ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ, പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.

തെക്കുഭാഗം ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. 2020-21 വർഷം മരണം രജിസ്റ്റർ ചെയ്യപ്പെട്ടവരുടേയും, പെൻഷൻ സസ്പെന്റ് ചെയ്യപ്പെട്ടവരുടേയും ലിസ്റ്റിൽ നിന്നും ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക ₹ |
|---|---|---|---|---|---|---|
| 1 | ജഗന്നാഥൻ പിള്ള | വാർദ്ധക്യകാല പെൻഷൻ | 103490200528 | 25-6-21 | 7/21-8/21 | 3200/- |
| 2 | തങ്കപ്പൻ പിള്ള | വാർദ്ധക്യകാല പെൻഷൻ | 103490200077 | 31-1-20 | 2/20-4/20 | 1800/- |
| 3 | ചന്ദ്രിക | വിധവാ പെൻഷൻ | 103490600672 | 12-4-20 | 5/20-8/21 | 23300/- |
| 4 | ഗോപാലൻ | വാർദ്ധക്യകാല പെൻഷൻ | 103490200248 | 31-05-20 | 6/20-8/21 | 23000/- |
| 5 | തങ്കപ്പൻ പിള്ള | കർഷക തൊഴിലാളി പെൻഷൻ | 103490100182 | 22-7-20 | 8/20-11/20 | 2400/- |
| 6 | വാസുദേവൻ | വാർദ്ധക്യകാല പെൻഷൻ | 103490200855 | 7-8-20 | 9/20-11-20 | 4500/- |
| 7 | ചെല്ലപ്പൻപിള്ള | വാർദ്ധക്യകാല പെൻഷൻ | 103490200035 | 5-11-20 | 12/20 -8/21 | 14000/- |
| 8 | ചന്ദ്രൻ | വാർദ്ധക്യകാല പെൻഷൻ | 103490200813 | 3-11-20 | 12/20-8/21 | 13900/- |
| 9 | കുട്ടപ്പൻ | വികലാംഗ പെൻഷൻ | 103490400345 | 18-12-19 | 1/20-8/21 | 21800/- |
| ആകെ | | | | | | 107900/- |

ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണ വിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞു വരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. മുമ്പ് ആധാർ അധിഷ്ഠിത മരണ രജിസ്ട്രേഷൻ പ്രാബല്യത്തിൽ ഉണ്ടായിരുന്നെങ്കിലും

പഞ്ചായത്ത് ഡയറക്ടറുടെ 19-10-2019ലെ ബി 1/30277/2017 സർക്കുലർ പ്രകാരം ആയത് നിർബന്ധമല്ലാതാക്കിയിട്ടുണ്ട്. നിലവിൽ പ്രതിവർഷ മസ്റ്ററിംഗ് മാത്രമാണ് പെൻഷണറുടെ മരണം കണ്ടെത്താനുള്ള ഏക മാർഗ്ഗം. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർക്കെങ്കിലും ആധാർ അധിഷ്ഠിത മരണ സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതിലെ പ്രാധാന്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. മരണശേഷം അനുവദിച്ച പെൻഷൻ തുക 107900/- രൂപ ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

### 1-7-3 സർവ്വീസ് പെൻഷൻകാർ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റി

ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ബഹു: സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ സർക്കുലർ പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഇപ്രകാരം അനർഹമായി തുക കൈപ്പറ്റുന്ന/കൈപ്പറ്റിക്കൊണ്ടിരിക്കുന്നവരുടെ വിവരങ്ങൾ ക്രോഡീകരിച്ച് തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും വിലാസവും | പെൻഷൻതരം | പെൻഷൻ ഐ.ഡി | പെൻഷൻ കൈപ്പറ്റിയ കാലയളവ് | കൈപ്പറ്റിയ തുക |
|---|---|---|---|---|---|
| 1 | ഗോപിനാഥൻ പിള്ള | കർഷക തൊഴിലാളി പെൻഷൻ | 103490106018 | 2/15-4/20 | 63500/- |
| 2 | കോമളവല്ലി. ആർ | വിധവാ പെൻഷൻ | 103490200435 | 2/15-4/19 | 41100/- |
| 3 | ലില്ലിക്കുട്ടി | വിധവാ പെൻഷൻ | 103490200480 | 6/15-4/19 | 56200/- |
| 4 | സരസ്വതി അമ്മ | വിധവാ പെൻഷൻ | 103490200730 | 9/17-4/20 | 36600/- |
| 5 | കൊച്ചു മണി | വികലാംഗ പെൻഷൻ | 1034904000003 | 2/15-4/20 | 61300/- |
| 6 | പൊന്നമ്മയമ്മ | വികലാംഗ പെൻഷൻ | 103490400030 | 2/15-4/19 | 46400/- |
| 7 | ചന്ദ്രിക പിള്ള | വാർദ്ധക്യകാല പെൻഷൻ | 103490600744 | 7/16-4/19 | 36600/- |
| 8 | വത്സലകുമാരിയമ്മ | കർഷകതൊഴിലാളി പെൻഷൻ | 103490100285 | 9/18-4/19 | 8900/- |
| ആകെ | | | | | 350600/- |

മേൽ പറഞ്ഞിരിക്കുന്ന വ്യക്തികളിൽ നിന്നു സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ കൈപ്പറ്റിയ തുക തിരികെ ഈടാക്കി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-9-21 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3120/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. മാനവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു.

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതികൾ കൃത്യമായി ഈടാക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ പൂർണ്ണമായും ലേലത്തിന് നൽകി വരുമാനമാർഗം വർദ്ധിപ്പിക്കേണ്ടതാണ്. ഫണ്ടിന്റെ അപര്യാപ്തതമൂലം തനതുഫണ്ട് ഉപയോഗപ്പെടുത്തി വികസന പ്രവർത്തികൾ ചെയ്യാനാകുന്നില്ല.

സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതായുണ്ട്. ഗുണഭോക്താവിന്റെ മരണശേഷവും, ടിയാളുടെ പേരിൽ സാമൂഹികക്ഷേമപെൻഷൻ വിതരണം നടത്തിയതായി കാണുന്നു. ഇതു ബന്ധപ്പെട്ട സെക്ഷന്റെയും സൂപ്പർവൈസറി ഉദ്യോഗസ്ഥന്റെയും വീഴ്ചയാണ്.
ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ ചേർക്കുന്ന എൺട്രികൾ ഏത് വർഷവുമായി ബന്ധപ്പെട്ടതാണെന്ന് രേഖപ്പെടുത്തേണ്ടതാണ്. കാർഷിക മേഖലയിലെ പദ്ധതികളിൽ പ്രദേശത്തിന്റെ ഭൂപ്രകൃതിക്ക് അനുയോജ്യമായവ നടപ്പിലാക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതികളിൽ കാര്യക്ഷമമായ മേൽനോട്ടം ഉണ്ടാകേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 8.3.21 - 9.3.21 | 4/20-12/20 | 9.3.21 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.4.17 - 24.4.17 | 2012-13 മുതൽ 2016-17 വരെ | 17.6.2017 |

1-11 ഇ-ടെൻഡർ മുഖേനയുള്ള വരവ് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയില്ല

ഇ-ടെൻഡർ ഫീസിനത്തിലുള്ള വരവു തുകകൾ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൌണ്ടിലാണ് പ്രാഥമികമായി ക്രഡിറ്റ് ആകുന്നത്. ഇത്തരം തുകകൾ വർഷങ്ങളായി തിരികെ ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. വരവ് തുകയുടെ ക്രഡിറ്റിനു വേണ്ടി പഞ്ചായത്ത് എ.ഇ യുടെ പേരിൽ ബാങ്ക് അക്കൗണ്ട് നാളിതുവരെയും എടുത്തിട്ടില്ല.

ഇ-ടെൻഡർ ഫീസ് ഇനത്തിൽ ലഭ്യമാകാൻ ഉള്ള തുകകളുടെ വിവരം

| നം. | സാമ്പത്തിക വർഷം | തുക ₹ |
|---|---|---|
| 1 | 2015-16 | 28060/- |
| 2 | 2016-17 | 45580/- |
| 3 | 2017-18 | 43950/- |
| 4 | 2018-19 | 21504/- |
| 5. | 2019-20 | 23540/- |
| 6 | 2020-21 | 32469/- |
| ആകെ | | 195103/- |

തുകകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.24/28-09-21ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് ഇല്ലാത്തതിനാൽ തുക സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ലഭ്യമാക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ബാങ്ക് അക്കൗണ്ട് എടുക്കുന്നതാണെന്നും മറുപടി നൽകി. എന്നാൽ തുക ലഭ്യമായത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല. തുകകൾ തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-12 വാടക കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു

2020-2021 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നടയ്ക്കാവ് പബ്ലിക് മാർക്കറ്റിലെ 762, 763 നമ്പർ കടമുറികൾ ഉപയോഗിച്ചിരുന്ന വ്യക്തികൾ വാടക കുടിശ്ശിക നാളിതുവരെ ഒടുക്കു വരുത്തിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാടകക്കാരന്റെ പേര് | വാടക ഒടുക്കുവാനുള്ള കാലയളവ് |
|---|---|---|
| 1 | ഹനിൽ കുമാർ, ദീപം | ജൂൺ 2020 മുതൽ മാർച്ച് 2021 വരെ |
| 2 | സന്തോഷ്, ചിറയുടെ കിഴക്കതിൽ | ഫെബ്രുവരി 2021, മാർച്ച് 2021 |

വാടക കുടിശിക ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, കുടിശ്ശിക വരുത്തിയ വിഷയം കമ്മറ്റി ചർച്ച ചെയ്തുവെന്നും കോവിഡ് മൂലം വ്യാപാരി സമൂഹത്തിനുണ്ടായ വൈഷമ്യങ്ങൾ ചെറുകിട വ്യാപാരികളായ ടി കക്ഷികൾക്കും ബാധിച്ചതിനാലാകാം കുടിശിക വരുത്തിയതെന്നും, മറ്റ് നടപടികൾ സ്വീകരിക്കുന്നതിന് മുൻപ് രേഖാമൂലം ടി കക്ഷികളെ വിവരം അറിയിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇരുവർക്കും കത്ത് നൽകിയിരുന്നുവെങ്കിലും നാളിതുവരെയും മറുപടി ലഭ്യമായിട്ടില്ലായെന്നും മറുപടി നൽകി. വീണ്ടും ഒരു ഓർമ്മക്കുറിപ്പ് നൽകിയതിനു ശേഷം നിയമപരമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 06/28.09.21

1-13 കടമുറികൾ ഒഴിഞ്ഞുകിടക്കുന്നു - ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നടയ്ക്കാവ് പബ്ലിക് മാർക്കറ്റിന്റെ കിഴക്ക് ഭാഗത്തെ പഴയ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിലെ 1, 2 നമ്പർ കടമുറികളും പുതിയ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിലെ 8, 9, 10, 11, 12, 13 നമ്പർ കടമുറികളും 2020-21 വർഷം ഒഴിഞ്ഞ് കിടക്കുകയായിരുന്നു. മേൽ കടമുറികൾ നിലവിലും ഒഴിഞ്ഞുകിടക്കുന്നു. 15.06.20 തീയതിയിലെ 3(1)-ാം നമ്പർ കമ്മറ്റിതീരുമാന പ്രകാരം പുതിയ ഷോപ്പിംഗ് കോംപ്ലക്സിലേയും പഴയ ഷോപ്പിംഗ് കോംപ്ലക്സിലേയും ഒഴിഞ്ഞ് കിടക്കുന്ന കടമുറികൾക്ക് ലേലം നിശ്ചയിച്ചിരുന്നുവെങ്കിലും തുടർച്ചയായി കണ്ടെയിൻമെന്റ് സോൺ ആയിരുന്നതിനാൽ ലേലം നടത്തുവാൻ സാധിച്ചിരുന്നില്ല എന്നും, 23.01.21 തീയതിയിൽ ലേലം നടത്തിയിരുന്നുവെങ്കിലും ഒരു കടമുറിയുടെ ലേലം മാത്രമാണ് നടന്നതെന്നും 05.10.21-ാം തീയതിയിൽ പുനർലേലം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി മറുപടി നൽകി. ഉപയോഗിക്കാതെ ഒഴിഞ്ഞ് കിടക്കുന്ന കടമുറികൾ ലേലം ചെയ്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കാൻ ഭരണസമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.09/28.09.21

1-14 മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-2021 സാമ്പത്തിക വർഷം നടത്തിയ പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി ഹോംകോയ്ക്ക് 250000/- ( Bill No.1/2020-21 Dtd 15.09.20) രൂപ മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | അടങ്കൽ തുക ₹ | ചെലവ് തുക ₹ |
|---|---|---|
| ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ S0045/21 | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)- 250000/- | 250000/- |

ലഭ്യമാക്കിയ രേഖകൾ പ്രകാരം 87030/- രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 162970/-രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. മരുന്നുകൾ ലഭ്യമാകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭിക്കുന്നമുറയ്ക്ക് സ്റ്റോക്കിൽ രേഖപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 5/28.09.21

1-15 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - തുക ഒടുക്കിയെങ്കിലും പണി പൂർത്തീകരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
പ്രോജക്റ്റ് നമ്പർ – 6/21
പ്രോജക്റ്റ് – ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ
അടങ്കൽ – 1,50,000/- (സി.എഫ്.സി)
ചെലവ് – 17309/-
ബിൽ നമ്പർ - 16/4-11-20

ഗ്രാമപഞ്ചായത്തിലെ 10, 11, 12 വാർഡുകളിലെ ഗതാഗത തടസ്സമായി നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാനായി പഞ്ചായത്ത് കമ്മിറ്റിയുടെ 13-7-20 ലെ 3(1) നമ്പർ തീരുമാനപ്രകാരമാണ് തുക കെ.എസ്.ഇ.ബിയിൽ ഒടുക്കിയിരിക്കുന്നത്. എന്നാൽ പണി പൂർത്തീകരിച്ചതിന്റെയോ വിനിയോഗസാക്ഷ്യപത്രം നൽകിയതിന്റെയോ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ടി പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചിട്ടുള്ളതാണെന്നും എന്നാൽ കെ.എസ്.ഇ.ബിയിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലായെന്നും, ആയത് ഉടൻ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 17309/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 17309/-
ഓഡിറ്റ് എൻക്വയറി നമ്പർ - 2/25-9-21

1-16 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - തുക ഒടുക്കിയെങ്കിലും നാളിതുവരെ കമ്പ്യൂട്ടർ ലഭിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്റ്റ് നമ്പർ - 7/21

പ്രോജക്റ്റ് - പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ

അടങ്കൽ – 70,640/- (വികസനഫണ്ട് ജനറൽ )

ചെലവ് – 39797/-

ബിൽ നമ്പർ- 38/27-3-21

ഗ്രാമപഞ്ചായത്തിലേക്ക് കമ്പ്യൂട്ടർ വാങ്ങാനായി ജനറൽ കമ്മിറ്റിയുടെ 5-3-21 തീയതിയിലെ 1(4) നമ്പർ തീരുമാനമനുസരിച്ച് KSEDC Ltd-ന്റെ 12-3-21 തീയതിയിലെ TVM/ITBG/P1/RC/24353/20-21 നമ്പർ ഇൻവോയ്സ് പ്രകാരം തുക മാറി നൽകിയെങ്കിലും നാളിതുവരെ കമ്പ്യൂട്ടർ ലഭിച്ചിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കമ്പ്യൂട്ടർ ലഭ്യമായി എങ്കിലും ആയതിന്റെ ബിൽ ലഭ്യമായിട്ടില്ലായെന്നും, ആയത് ലഭിച്ചാലുടൻ, സ്റ്റോക്കിലെടുത്ത് റിപ്പോർട്ട് ചെയ്യുന്നതുമാണെന്നറിയിച്ചിട്ടുണ്ട്. ബില്ലിന്റെ അഭാവത്തിൽ കമ്പ്യൂട്ടറിന്റെ സ്പെസിഫിക്കേഷനുകളുടേയും വിലയുടേയും കൃത്യത അറിയാൻ കഴിയാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 39797/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബിൽ അടിയന്തിരമായി ലഭ്യമാക്കി കമ്പ്യൂട്ടറുകൾ സ്റ്റോക്കിലെടുത്ത് പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക- 39797/-

ഓഡിറ്റ് എൻക്വയറി നമ്പർ 2/25-9-21

1-17 ഘടക സ്ഥാപനങ്ങൾക്ക ഫർണീച്ചർ - നാളിതുവരെ വിതരണം ചെയ്തിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നമ്പർ- 160/21

പ്രോജക്ട് – ഘടക സ്ഥാപനങ്ങൾക്കു ഫർണീച്ചർ

അടങ്കൽ – 2,60,000/- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് )

ചെലവ് – 116832/-

ബിൽ നമ്പർ- 26/9-2-21

ഗ്രാമപഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങൾക്കു ഫർണീച്ചർ വാങ്ങാനായി ആവിഷ്കരിച്ച പ്രസ്തുത പ്രോജക്ട് പ്രകാരം KADCO യുടെ 16-10-20 തീയതിയിലെ SRO/20-21/19 നമ്പർ ഇൻവോയ്സ് പ്രകാരം വാങ്ങിയ 10 അലമാരകളിൽ 5 എണ്ണം മാത്രമേ വിതരണം ചെയ്തിട്ടുള്ളു. ബാക്കി വിതരണം ചെയ്യാതെ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കോവിഡ് -19 കാരണം ഘടകസ്ഥാപനങ്ങൾ പ്രവൃത്തിക്കാത്തതിനാൽ ആണ് ആയത് വിതരണം ചെയ്യാൻ വൈകിയത് എന്നും ആയത് ഉടൻ വിതരണം ചെയ്ത് വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിതരണം ചെയ്യാൻ അവശേഷിക്കുന്ന 5 അലമാരയുടെ വിലയായ 58416/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആയവ വിതരണം ചെയ്ത് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക- 58416/-
ഓഡിറ്റ് എൻക്വയറി നം. 2/25-9-21

1-18 പൊതുകുടിവെള്ള ടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള ഫീസ് അടച്ചിട്ടും പണി നടത്തിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നമ്പർ- 155/21

പ്രോജക്ട് – പൊതുകുടിവെള്ള ടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള ഫീസ്

അടങ്കൽ – 2,42,000/- (വികസനഫണ്ട് ജനറൽ )

ചെലവ് – 1,93,000/-

ബിൽ നമ്പർ- 15/2-11-20

ഗ്രാമപഞ്ചായത്തിലെ ഉപയോഗശൂന്യമായ 292 പൊതുകുടിവെള്ള ടാപ്പുകളുടെ വാട്ടർ കണക്ഷൻ ഡിസ്മാന്റിൽ ചെയ്യുന്നതിനായി കേരളാ വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം തുക അടച്ചുവെങ്കിലും നാളിതുവരെ പണി പൂർത്തിയാക്കി പൂർത്തീകരണസാക്ഷ്യപത്രം, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കോവിഡ്-19 കാരണം ടി പ്രവൃത്തി ഭാഗികമായി മാത്രമേ പൂർത്തിയാക്കിയിട്ടുള്ളു എന്നും പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കി വിവരം അറിയിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 193000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നിലവിൽ ടി ടാപ്പുകൾക്കും കുടിവെള്ളക്കരം ഒടുക്കുന്നതിനാൽ ഗ്രാമപഞ്ചായത്തിന് വൻനഷ്ടമാണുണ്ടാകുന്നത്. അടിയന്തിരമായി പ്രവർത്തി പൂർത്തീകരിച്ച് വെള്ളക്കരമിനത്തിലെ ചെലവ് ചുരുക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിച്ച് ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 2/25-9-21

തടസ്സപ്പെടുത്തിയ തുക – 193000/-

1-19 വാഴകൃഷി വികസനം -പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം ചെലവഴിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ - 22/21

പ്രോജക്ട് - വാഴകൃഷി വികസനം

അടങ്കൽ- 50,000/-

വികസനഫണ്ട് ജനറൽ – 37,500/-

ഗുണഭോക്തൃവിഹിതം- 12500/-

ചെലവ്- 31250/-(വികസനഫണ്ട് ജനറൽ)

ബിൽ നമ്പർ- 21/26-3-21

50 വാഴക്കന്ന് 15 രൂപാ നിരക്കിൽ 100% സബ്സിഡിയോടുകൂടിയും 500/- രൂപയുടെ ജൈവവളം 50% സബ്സിഡിയോടുകൂടിയും നൽകാൻ ആവിഷ്കരിച്ച പ്രോജക്ടിൽ തുക ചെലവഴിച്ചിരിക്കുന്നത് പൂർണ്ണമായും പ്ലാൻ ഫണ്ടിൽ നിന്നാണ്. കാഡ്കോയുടെ 17-3-21 തീയതിയിലെ V-650 A/20-21 നമ്പർ ഇൻവോയ്സ് പ്രകാരം 31250/- രൂപ പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച് ഒടുക്കിയിരിക്കുന്നു. ജൈവവളത്തിന്റെ ഗുണഭോക്തൃവിഹിതമായി പിരിച്ചെടുത്ത 6250/- രൂപ ചെലവഴിക്കാതെ പൂർണ്ണമായും പ്ലാൻ ഫണ്ട് ചെലവഴിച്ച് പദ്ധതിനിർവ്വഹണം നടത്തിയത്, മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ പ്ലാൻ ഫണ്ടിൽ നിന്ന് അധികമായി ചെലവ് ചെയ്ത 6250/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗുണഭോക്തൃവിഹിതമിനത്തിൽ പിരിച്ചെടുത്ത തുക 6250/- രൂപ പ്ലാൻ ഫണ്ടിൽ ഒടുക്കുവരുത്തി രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക- 6250/-
ഓഡിറ്റ് എൻക്വയറി നമ്പർ 4/27-9-21

1-20 കന്നുകുട്ടി പരിപാലനം - തീറ്റ സബ്സിഡി പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പ്രോജക്ട് നമ്പർ -13/21

പ്രോജക്ട് - കന്നുകുട്ടി പരിപാലനം-തീറ്റ സബ്സിഡി

അടങ്കൽ – 12,00,000/-

- 6,00,000/-(വികസനഫണ്ട് ജനറൽ )

- 6,00,000/- (ഗുണഭോക്തൃവിഹിതം)

ചെലവ് – 6,00,000/-

ബിൽ നമ്പർ- 10/20-21/15-1-21

48 ഗുണഭോക്താക്കൾക്കായുള്ള പഞ്ചായത്ത് വിഹിതവും സംസ്ഥാനവിഹിതവും ഉൾപ്പെടെയുള്ള തുകയാണ് ബിൽ പ്രകാരം പിൻവലിച്ച് അസിസ്റ്റന്റ് ഡയറക്ടർ ഓഫ് കാഫ് ഫീഡ് സബ്സിഡി സ്കീം ചവറയ്ക്ക് നൽകിയിരിക്കുന്നത്. 2020-21 സാമ്പത്തിക വർഷം പ്രസ്തുത പ്രോജക്ടിനായി നൽകിയ തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി നാളിതുവരെ ചെലവായ 175296/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 424704/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തിയ തുക 424704/-

ഓഡിറ്റ് എൻക്വയറി നമ്പർ 17/29-9-21

1-21 കെ.എം.എസ്.സി.എൽ.-ൽ നിന്നും മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായും ലഭിച്ചില്ല

| പദ്ധതിയുടെ പേര് | അടങ്കൽ തുക ₹ | ചെലവു തുക ₹ |
| --- | --- | --- |

| | | |
|---|---|---|
| പാലിയേറ്റീവ് കെയർ S0052/21 | വികസന ഫണ്ട് ജനറൽ- 450000/-<br>ബ്ലോക്ക് പഞ്ചായത്ത്- 200000/- | വികസന ഫണ്ട് ജനറൽ- 449800/-<br>ബ്ലോക്ക് പഞ്ചായത്ത്- 100000/- |

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി./സി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം നടത്തിയ പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ -ന് മുൻകൂർ തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | മുൻകൂർ നൽകിയ തുകയുടെ വിവരം | ലഭ്യമായ മരുന്നിന്റെ വിവരം | ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിവരം |
|---|---|---|---|
| 1 | 37100/- (ബിൽ നം. 30 തീയതി 16.03.21) | 35001/- | 2099/- |
| 2 | 100000/- (ബിൽ നം. 29 തീയതി 10.03.21) | 19286/- | 80714/- |
| ആകെ | | 54287/- | 82813/- |

82813/- രൂപയുടെ മരുന്നുകൾ ലഭിക്കാനവശേഷിക്കുന്ന സാഹചര്യത്തിൽ ടി വിഷയത്തിൽ ഭരണസമിതിയുടെയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്. അവശ്യവും അത്യന്താപേക്ഷിതവുമായ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും തുടർനടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭിക്കുന്നമുറയ്ക്ക് സ്റ്റോക്കിൽ രേഖപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി 8/28.09.21

1-22 സി.എച്ച്.സിയ്ക്ക് ജനറേറ്റർ - അവശേഷിക്കുന്ന തുക തിരികെ അടവാക്കിയില്ല

മെഡിക്കൽ ഓഫീസർ സി.എച്ച്.സി, നിർവ്വഹണം നടത്തിയ സി.എച്ച്.സിയ്ക്ക് ജനറേറ്റർ സ്ഥാപിക്കൽ എന്ന പ്രോജക്ട് പ്രകാരം പൊതുമരാമത്ത് ബിൽഡിംഗ് സെക്ഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 200000/- (ചെക്ക് നമ്പർ 931702/30.01.2020) രൂപയും, 62810/- (ബിൽ നം.2/27.04.2020) രൂപയും ജനറേറ്റർ വാങ്ങുന്നതിനായി പൊതുമരാമത്ത് ബിൽഡിംഗ് ഡിവിഷൻ, കൊല്ലത്തിന് മുൻകൂർ നൽകിയിട്ടുണ്ട്.

ജനറേറ്റർ സ്ഥാപിക്കുന്നതിനായി ആകെ 251130/-രൂപയാണ് ചെലവഴിച്ചതെന്ന് പൊതുമരാമത്ത് ബിൽഡിംഗ്, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വിനിയോഗ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവശേഷിക്കുന്ന 11680/- രൂപ തിരികെ അടവാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 10/28.09.21

1-23 ഗ്രാമ പഞ്ചായത്തിന്റേതല്ലാത്ത ഫണ്ട് തിരികെ നല്കാതെ ദീർഘകാലമായി തനത് ഫണ്ടിനായുള്ള ബാങ്ക് അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നു.

വാർഷിക ധനകാര്യ പത്രികയിലെ ബി-4 ഷെഡ്യൂളിലെ 320400199 എന്ന ഹെഡിന്റെ ലഡ്ജർ പ്രകാരം 31.03.21 ന് ബന്ധപ്പെട്ട അക്കൗണ്ടിൽ ₹13,30,000/- ബാക്കിനില്പുണ്ട്. ഈ തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ തനത് ഫണ്ടിനായുള്ള എസ് ബി ഐ-ലെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം.57010611755) നിക്ഷേപിച്ചിട്ടുള്ളതുമാണ്.

തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ചവറ ഗ്രാമപഞ്ചായത്തിന് അങ്കണവാടി കെട്ടിടങ്ങൾ പണിയുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന അനുവദിച്ച നബാർഡ് വിഹിതമായ ₹13,06,000/- ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ തെറ്റായി ക്രഡിറ്റ് ചെയ്തിട്ടുള്ളതും, ബേബി ഫ്രണ്ട് ലി ടോയിലെറ്റ് നിർമ്മാണത്തിനായുള്ള ഐസിഡിഎസ് വിഹിതമായ ₹24,000/-യും ചേർന്ന തുകയാണിതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

2015-16 സാമ്പത്തിക വർഷം ലഭിച്ച തുക ബാങ്കിൽ വരവ് വച്ച സമയം തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ലാതിരുന്നതിനാൽ 31.03.17 ന് രണ്ട് ഗഡുക്കളായി 320400199 എന്ന ഹെഡിൽ രസീത് ചെയ്തിട്ടുണ്ടെന്നും പറഞ്ഞിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 12.08.15 ലെ എൽ.എസ്.ജി.ഡി./നബാർഡ്/15-16 നമ്പർ കത്ത് പ്രകാരം ഈ തുക ചവറ പഞ്ചായത്തിന്റെ വികസനാവശ്യങ്ങൾക്ക് അനുവദിച്ചിട്ടുള്ളതാണെന്നും തെറ്റായി തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടുള്ളതാണെന്നും അറിയിച്ചിട്ടുള്ളതായും പറഞ്ഞിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റേതല്ലായെന്ന് വ്യക്തമാക്കിയിട്ടുള്ളതും ഈ സ്ഥാപനത്തിൽ വിനിയോഗിക്കുന്നതിന് അനുമതിയില്ലാത്തതുമായ തുക കൃത്യമായ നിർദ്ദേശം ലഭിച്ചിട്ടും തിരികെ നല്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന നടപടി ക്രമപ്രകാരമല്ല. സർക്കാർ ഫണ്ട് വിനിയോഗ സാധ്യതയില്ലാതെ വർഷങ്ങളായി നിഷ്ക്രിയ ആസ്തിയായി നിലനിർത്തിയിരിക്കുകയാണ്. ഈ തുക (₹13,06,000/-) ബന്ധപ്പെട്ട ഹെഡിൽ സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. സർക്കാർ തുക താമസം വിനാ തിരികെ ഒടുക്കാത്തപക്ഷമുണ്ടാകുന്ന നഷ്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്.

ചൈൽഡ് ഫ്രണ്ട് ലി ടോയിലെറ്റിനായി അനുവദിച്ച തുകയായ ₹24,000/- ബന്ധപ്പെട്ട ഹെഡിൽ ക്രമീകരിച്ച് വിനിയോഗിക്കേണ്ടതാണ്.

### 1-24 മൂല്യവർദ്ധിത നികുതി ഇനത്തിലെ കുടിശ്ശികകൾ ഒടുക്കിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിലെ ബി-9 ഷെഡ്യൂളിലെ “350300103 Government And Other Dues Payable – Value Added Tax” എന്ന ഹെഡിന്റെ ലഡ്ജർ പ്രകാരം 02.02.18 പ്രാബല്യത്തിൽ മൂല്യ വർദ്ധിത നികുതി ഇനത്തിലെ കുടിശ്ശിക ₹7,475/- ഉണ്ട്. ഈ തുക നാളിതുവരെ സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല. നികുതി തുക പലിശ സഹിതം ഒടുക്കേണ്ടതും കുടിശ്ശിക വരുത്തിയതിനുള്ള കാരണം വിശദീകരിക്കേണ്ടതുമാണ്.

### 1-25 തൊഴിലുറപ്പപദ്ധതി - അവലോകനം

2020-21 സാമ്പത്തിക വർഷത്തിൽ 85465 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് 33722629/- രൂപ വേതനവും വകയിരുത്തിയ ആക്ഷൻ പ്ലാൻ 25.01.2020-ൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനം 6(1) പ്രകാരം അംഗീകാരം നൽകി. 88563 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും 32105208/- രൂപ വേതനമായി നൽകുകയും ചെയ്തിട്ടുണ്ട്. പ്രകൃതിവിഭവങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട തരിശുഭൂമി കൃഷിയോഗ്യമാക്കൽ, മണ്ണ്-ജലസംരക്ഷണം, ഗുണഭോക്താക്കൾക്ക് കിണർനിർമ്മാണം, കാലിതൊഴുത്ത്നിർമ്മാണം, ആട്ടിൻകൂട്നിർമാണം, കോഴിക്കൂട് നിർമ്മാണം എന്നിവയാണ് തൊഴിലുറപ്പപദ്ധതിയിൻകീഴിൽ തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയ പ്രധാന പദ്ധതികൾ. പൊതു ആസ്തികൾ സൃഷ്ടിക്കുന്ന തരത്തിലുള്ള പ്രവൃത്തികൾ ഒന്നുപോലും നടപ്പിലാക്കിയില്ല. നിലവിലുള്ള കൃഷിയോഗ്യമാക്കൽ, മണ്ണ്-ജലസംരക്ഷണപ്രവൃത്തികൾ എന്നിവ സ്വകാര്യഭൂമിയിൽ മാത്രമായി പരിമിതപ്പെടുകയാണുണ്ടായത്. പൊതുഭൂമിയിലെ ഭൂസംരക്ഷണപ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല. 3558 കുടുംബങ്ങളിൽ നിന്നും 5126 പേർ തൊഴിൽ കാർഡുകൾ എടുത്തിട്ടുണ്ട്. ഇവരിൽ 2781 പേർ സജീവ അംഗങ്ങളാണ്.

### 1-26 കറണ്ട് ചാർജ്ജിനത്തിൽ അധികം ഒടുക്കിയ 1725/-രൂപ ബന്ധപ്പെട്ട വ്യക്തിയിൽ നിന്നും ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നടക്കാവ് പബ്ലിക് മാർക്കറ്റിലെ പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ ആകെ 13 (ഗ്രൌണ്ട്-12, മുകളിൽ-1) കടമുറികളിൽ ഒഴിഞ്ഞുകിടക്കുന്ന 7 കടമുറികളുടെ കറണ്ട് ചാർജ്ജ് ഒടുക്കുന്നതിന് പകരം 8 കടമുറികളുടെ (കൺസ്യൂമർ നമ്പർ-25848 മുതൽ 25854, 25857 വരെ) കറണ്ട് ചാർജ്ജ് ഒടുക്കുവരുത്തിയതായി കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| കാലയളവ് | തുക (രൂപ) | ചെക്കനം. തീയതി |
|---|---|---|
| 7.4.20 To 7.6.20 | 4832/-(604*8) | 9786/23.6.20 |
| 7.6.20 To 7.8.20 | 1548/-(191*7+211*1) | 12723/7.9.20 |
| 7.10.20 To 7.12.20 | 4798/-(599*7+605*1) | |
| 8.12.20 To 7.2.21 | 2440/-(305*8) | 147896/9.3.21 |

അധികം തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റൂം നമ്പർ | കൺസ്യൂമർ നമ്പർ - | അധികം ഒടുക്കിയ രൂപ ₹ |
|---|---|---|
| TP-6/766 | 25857 | 1725/- (604+211+605+305) |

ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ഡോ.കണ്ണൻ എന്ന വ്യക്തി രണ്ട് കടമുറികൾ എടുത്തിട്ടുണ്ടെന്നും, ആയതിൽ ഒരു കടമുറിയുടെ കറണ്ട് ചാർജ്ജ് മാത്രമേ ഒടുക്കിയിട്ടുള്ളുയെന്നും, ഗ്രാമപഞ്ചായത്ത് അധികം ഒടുക്കിയ കറണ്ട് ചാർജ്ജ് ടിയാനിൽ നിന്നും ഈടാക്കാം എന്ന മറുപടിയാണ് ലഭ്യമാക്കിയത്. കറണ്ട് ചാർജ്ജിനത്തിൽ അധികം ഒടുക്കിയ 1725/-രൂപ സെക്രട്ടറിയിൽ നിന്നും ഈടാക്കി രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. എൻക്വയറി നമ്പർ-13/ 28.9.21

1-27 മുറിച്ച മരങ്ങൾ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല.

2020-21 വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിന്നും മുറിച്ച ചീലാന്തി മരം ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല. വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| മരം നിന്ന സ്ഥലം | കൂലിയിനത്തിൽ നൽകിയ തുക (രൂപ) | ചെക്ക്നം. തീയതി |
|---|---|---|
| GLVLPS | 4500/- | 13744/1.1.21 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഫോറസ്റ്റ് വകുപ്പിൽ നിന്നും വാല്യുവേഷൻ ലഭിച്ചിട്ടില്ലെന്നും, ആയത് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ആയതിന്റെ അടിസ്ഥാനത്തിൽ മുറിച്ച മരങ്ങൾ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടി രേഖാമൂലം അറിയിക്കേണ്ടതാണ്.

എൻക്വയറി നമ്പർ-15/ 28.9.21

1-28 തെരുവു വിളക്കുകളുടെ കറണ്ട് ചാർജ്ജ് രണ്ട് തവണ ഒടുക്കി.

മീറ്ററിംഗ് നടപ്പിലാക്കിയ 25748 മുതൽ 25767 വരെയുള്ള കൺസ്യൂമർ നമ്പറിലുള്ള തെരുവവിളക്കുകളുടെ 3/2020-ലെ കറണ്ട് ചാർജ്ജ് 31852/-രൂപ, 20.04.2020 ലെ 931743-ാം നമ്പർ ചെക്ക് പ്രകാരം ഒടുക്കിയിട്ടുണ്ട്. എന്നാൽ 18.05.2020-ൽ ചെക്ക് നം. 931752 പ്രകാരം 3/20, 4/20 മാസങ്ങളിലെ കറണ്ട് ചാർജ്ജ് 92771/- രൂപ ഒടുക്കവരുത്തിയിട്ടുണ്ട്. 20.04.2020-ൽ ഒടുക്കവരുത്തിയ 3/2020 ലെ കറണ്ട് ചാർജ്ജ് വീണ്ടും 18.05.2020ൽ ഒടുക്കിയിട്ടുള്ളത് അംഗീകരിക്കുന്നില്ല. ടി തുക 31852/- രൂപ സെക്രട്ടറിയിൽ നിന്ന് ഈടാക്കി ഒടുക്കവരുത്തേണ്ടതാണ്. 3/20 ലെ കറണ്ട് ചാർജ്ജ് ഉൾപ്പെടുത്തിയാൽതന്നെ, 18.05.20 ലെ ചെക്ക് നം. 931752 പ്രകാരം ഒടുക്കവരുത്തിയ കറണ്ട് ചാർജ്ജ് 92771/-രൂപ മറ്റ് മാസങ്ങളെ അപേക്ഷിച്ച് വളരെയധികമായതിനാൽ, വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 18.05.2020-ൽ ഒടുക്കവരുത്തിയ 92771/- രൂപയിൽ, രണ്ടാമത് തവണ ഒടുക്കവരുത്തിയ 3/2020-ലെ കറണ്ട് ചാർജ്ജ് 31852/- രൂപ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതും അവശേഷിക്കുന്ന 60919/-രൂപ വിശദമായ ചെലവ് രേഖകൾ ലഭ്യമാക്കാത്തതിനാൽ തടസ്സത്തിൽവയ്ക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/28.09.21) മറുപടിയായി KSEB-യിൽ നിന്ന് വിശദാംശം ലഭ്യമാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം കറണ്ട് ചാർജ്ജ് ഒടുക്കവരുത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഒടുക്കിയ കാലയളവ് | തുക(രൂപ) | ചെക്കനം. /തീയതി |
|---|---|---|
| 3/20 | 31852/- | 931743/20.4.20 |
| 4/20 | 92771/- | 931752/18.5.20 |

| | | |
|---|---|---|
| 5/20 | 38627/- | 9784/19.6.20 |
| 6/20 | 41122/- | 5556/6.8.20 |
| 7/20 | 41234/- | 12722/7.9.20 |
| 8/20 | 43178/- | 147838/11.9.20 |
| 9/20 | 39244/- | 147846/9.10.20 |
| 10/20 | 44204/- | 147853/11.11.20 |
| 11/20 | 38824/- | 147861/11.12.20 |
| 12/20 | 46000/- | 147872/11.1.21 |
| 1/21 | 43008/- | 147881/10.2.21 |
| 2/21 | 39363/- | 147896/9.3.21 |

ആവർത്തനചെലവുകളായ കറണ്ട് ചാർജ്ജ്, വാട്ടർ ചാർജ്ജ് തുടങ്ങിയവയുടെ കൃത്യമായ മോണിട്ടറിംഗിലും ബിൽ തുകയിലെ അസ്വാഭാവികമായ വർദ്ധനവ് ശ്രദ്ധിച്ച് നടപടികൾ സ്വീകരിക്കുന്നതിനും സെക്രട്ടറിയുടെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുണ്ട്. കണ്ടിജന്റ് ബിൽ രജിസ്റ്റർ കൃത്യതയോടെ പരിപാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 60919/-രൂപ

നിരാകരിക്കുന്ന തുക – 31852/-രൂപ

എൻക്വയറി നമ്പർ-18/28.9.21

1-29 എസ്.എസ്.എ.വിഹിതം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ 500000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ- S0094/21

ബിൽനം., തീയതി- 03/20-21, 14.8.20

നിർവ്വഹണം- ഹെഡ് മാസ്റ്റർ

2020-21 വർഷത്തിൽ എസ്.എസ്.എ. വിഹിതമിനത്തിൽ 500000/- (വികസനഫണ്ട് - ജനറൽ) രൂപ എസ്.എസ്.എ. ജില്ലാ പ്രോജക്ട് ഓഫീസർക്ക് നൽകി. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കാത്തതിനാൽ 500000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം-22/ 28-9-21

1-30 ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ലൈബ്രറിക്ക് ടെലിവിഷൻ വാങ്ങുന്നതിന് സഹായം നൽകാതെ ലൈബ്രറി കൌൺസിലിന്റെ അംഗീകാരമില്ലാത്ത ലൈബ്രറികൾക്ക് ആനുകൂല്യം നൽകി.

ഗ്രാമപഞ്ചായത്തിൽ ഓൺലൈൻ പഠനസൌകര്യമൊരുക്കുന്നതിനായി കെ.എസ്.എഫ്.ഇയുടെ വിദ്യാസഹായി പദ്ധതി പ്രകാരം കെ.എസ്.എഫ്.ഇ, ചവറ തെക്കുംഭാഗം ശാഖ 2020-21 വർഷത്തിൽ 20000/-രൂപ ഗ്രാമപഞ്ചായത്തിന് നൽകി. ടി തുക ഗ്രാമപഞ്ചായത്ത് താഴെപ്പറയുന്ന ലൈബ്രറികൾക്ക് നൽകി.

| ലൈബ്രറിയുടെ പേര് | നൽകിയ തുക (രൂപ) | ചെക്കുനം. തീയതി |
|---|---|---|
| കാസ്കറ്റ് ലൈബ്രറി | 10000/- | 931767/9.7.20 |
| കേളി കൃഷ്ണൻകുട്ടിപിള്ള ലൈബ്രറി | 10000/- | 931769/10.7.20 |

ടെലിവിഷൻ സൌകര്യമില്ലാത്ത ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എ.വി.കെ.എം ലൈബ്രറിക്ക് ഓൺലൈൻ പഠനസൌകര്യമൊരുക്കുന്നതിനായി ടെലിവിഷൻ വാങ്ങുന്നതിന് സഹായം

നൽകാതിരുന്നതിന് വിശദീകരണവും, മേൽ ലൈബ്രറികളുടെ ലൈബ്രറികൗൺസിൽ അംഗീകാരം സംബന്ധിച്ച വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എ.വി.കെ.എം ലൈബ്രറിക്ക് ഓൺലൈൻ പഠനസൌകര്യമൊരുക്കുന്നതിനുള്ള ഭൌതിക സാഹചര്യമില്ലെന്നും, ലൈബ്രറി കൌൺസിലിന്റെ അംഗീകാരം സംബന്ധിച്ച രേഖകൾ ശേഖരിച്ച് ഹാജരാക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ആനുകൂല്യം നൽകിയ ലൈബ്രറികളുടെ ലൈബ്രറി കൌൺസിലിൽ നിന്നുള്ള അംഗീകാരം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

എൻക്വയറി നമ്പർ-19/ 28.9.21

1-31 പത്താംതരം, ഹയർസെക്കന്ററി തുല്യത - ഒരിക്കൽ രജിസ്റ്റർ ചെയ്ത പഠിതാക്കളെ വീണ്ടും രജിസ്റ്റർ ചെയ്യുന്നതിന് ചെലവഴിച്ച 45900/- രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നമ്പർ- S0099/21

അടങ്കൽ തുക – 60000/- (വികസനഫണ്ട്-ജനറൽ)

ചെലവ്- 59600/-

ബിൽനം., തീയതി- 08/20-21 , 27.2.21

നിർവ്വഹണം- ഹെഡ് മാസ്റ്റർ

2020-21 വർഷത്തിൽ പത്താംതരം, ഹയർസെക്കന്ററി തുല്യത പരീക്ഷ രജിസ്ട്രേഷൻ ഫീസിനത്തിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചു.

| ഇനം | ഒരു പഠിതാവിന്റെ രജിസ്ട്രേഷൻ ഫീസ്(രൂപ) | ആകെ |
|---|---|---|
| പത്താംതരം തുല്യത | 1850/- | 29600/- (16*1850) |
| ഹയർസെക്കന്ററി തുല്യത | 2500/- | 30000/- (12*2500) |
| ആകെ | | 59600/- |

1) 2018-19, 2019-20 വർഷങ്ങളിൽ രജിസ്റ്റർ ചെയ്ത 14 പഠിതാക്കളെ ഉൾപ്പെടുത്തിയാണ് 2020-21 വർഷത്തിൽ പത്താംതരം തുല്യത പരീക്ഷയ്ക്ക് രജിസ്ട്രേഷൻ ഫീസ് ഒടുക്കിയത്. 2 പഠിതാക്കൾ മാത്രമാണ് 2020-21 വർഷത്തിൽ പുതിയതായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| പഠിതാക്കളുടെ പേര് | രജിസ്ട്രേഷൻ/ആപ്ലിക്കേഷൻ നമ്പർ/തീയതി | രജിസ്റ്റർ ചെയ്ത വർഷം |
|---|---|---|
| അംബിക.എസ് | 118956/10.2.19 | 2018-19 |
| സുനിൽകുമാർ | 248692/10.2.20 | 2019-20 |
| മിനിമോൾ.പി | 249086/10.2.20 | 2019-20 |
| ജിതിൻ ജോൺസൺ | 249247/10.2.20 | 2019-20 |
| വിനോദ്കുമാർ.ഒ | 253769/10.2.20 | 2019-20 |
| ജീബ.ജി | 256570/10.2.20 | 2019-20 |
| അജിത് കുമാർ.എസ് | 274734/10.2.20 | 2019-20 |
| സന്ധ്യ.റ്റി | 279324/10.2.20 | 2019-20 |
| ശ്രീരാജ്.എസ് | 294752/10.2.20 | 2019-20 |
| മണികണ്ഠൻ.എസ് | 294768/10.2.20 | 2019-20 |
| സരസ്വതി.കെ | 294789/10.2.20 | 2019-20 |
| ആന്റണി ഫെർണാണ്ടസ് | 251704/10.2.20 | 2019-20 |
| ദിൽസൺ.വൈ | 229484/10.2.20 | 2019-20 |

| | | |
|---|---|---|
| രാജമണി.എസ് | 294865/10.2.20 | 2019-20 |
| രാജി.എസ് | 256869/10.2.21 | 2020-21 |
| രമ്യ.ആർ | 254301/10.2.21 | 2020-21 |

മേൽ പട്ടികയിലെ അവസാന പേരുകാർ മാത്രമാണ് 2020-21 വർഷത്തിൽ പുതുതായി രജിസ്റ്റർ ചെയ്യപ്പെട്ടവർ.

2) 2019-20 വർഷത്തിൽ രജിസ്റ്റർ ചെയ്ത 8 പഠിതാക്കളെ ഉൾപ്പെടുത്തിയാണ് 2020-21 വർഷത്തിൽ ഹയർസെക്കന്ററി തുല്യത പരീക്ഷയ്ക്ക് രജിസ്ട്രേഷൻ ഫീസ് ഒടുക്കിയത്. 4 പഠിതാക്കൾ മാത്രമാണ് 2020-21 വർഷത്തിൽ പുതിയതായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| പഠിതാക്കളുടെ പേര് | രജിസ്ട്രേഷൻ /ആപ്ലിക്കേഷൻ നമ്പർ/തീയതി | രജിസ്റ്റർ ചെയ്ത വർഷം |
|---|---|---|
| ശരത്.എസ് | 248159/12.2.20 | 2019-20 |
| ജോസി ജോർജ്ജ് | 248454/12.2.20 | 2019-20 |
| ഇന്ദു ജോയ് | 249071/12.2.20 | 2019-20 |
| രതി.ആർ | 229617/12.2.20 | 2019-20 |
| ജീന പീറ്റർ | 229615/12.2.20 | 2019-20 |
| സാബി.ജെ | 229613/12.2.20 | 2019-20 |
| അഭിജിത്ത്.ആർ.എസ് | 229716/12.2.20 | 2019-20 |
| മേർളി.എൽ | 229721/12.2.20 | 2019-20 |
| രഞ്ജിനി.എസ് | 256574/12.2.21 | 2020-21 |
| വൈഷ്ണവി.എ | 279227/12.2.21 | 2020-21 |
| രമ്യ.എസ് | 279642/12.2.21 | 2020-21 |
| ശൈലേന്ദ്രകുമാർ.പി | 27965 /12.2.21 | 2020-21 |

മേൽ പട്ടികയിലെ അവസാന 4 പേർ മാത്രമാണ് പുതുതായി രജിസ്റ്റർ ചെയ്യപ്പെട്ടവർ.

2020-21 വർഷത്തിൽ പത്താംതരം, ഹയർസെക്കന്ററി തുല്യത പരീക്ഷ രജിസ്ട്രേഷൻ രേഖകളിൽ 2018-19, 2019-20 വർഷങ്ങളിൽ രജിസ്റ്റർ ചെയ്ത രേഖകൾ ഉൾപ്പെടുത്തിയതിന് രേഖാമൂലം വിശദീകരണം, ആയതിന്റെ കൃത്യത പരിശോധിക്കുന്നതിന് 2018-19 (പത്താംതരം), 2019-20 (പത്താംതരം, ഹയർ സെക്കന്ററി) വർഷങ്ങളിലെ പ്രോജക്ട്, രജിസ്ട്രേഷൻ രേഖകൾ, പഠിതാക്കളുടെ അറ്റൻഡൻസ് എന്നിവ പരിശോധിക്കുന്നതിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2018-19, 2019-20 വർഷങ്ങളിൽ രജിസ്റ്റർ ചെയ്ത പഠിതാക്കളെയാണ് 2020-21 വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തി തുക ഒടുക്കിയിരിക്കുന്നതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പത്താംതരം തുല്യത പരീക്ഷ രജിസ്ട്രേഷൻ ഫീസിനത്തിൽ അധികം ചെലവഴിച്ച 25900/-(14*1850)രൂപയും, ഹയർസെക്കന്ററി തുല്യത പരീക്ഷ ഫീസിനത്തിൽ അധികം ചെലവഴിച്ച 20000/-(2500*8)രൂപയും ചേർത്ത് ആകെ 45900/- രൂപ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി രേഖാമൂലം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നിരാകരിച്ച തുക- 45900/-

എൻക്വയറി നം-20/ 28-9-21

1-32 ലൈഫ് ഭവനപദ്ധതി ലോൺ തുക വിനിയോഗിക്കാതെ ദീർഘകാലമായി അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നു.

ഗ്രാമ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിലെ ലൈഫ് ഭവനപദ്ധതിയുടെ ലോൺ വരവ് – ചെലവുകണക്കുകൾ സംബന്ധിച്ച ലഡ്ജർ പരിശോധിച്ചതിൽ ഭവനപദ്ധതി ഗുണഭോക്താക്കൾക്ക് തുക

അനുവദിക്കുന്നതിനുവേണ്ടി 22.01.21 തീയതിയിൽ ലോൺ വിഹിതം ഇനത്തിൽ ₹57,20,000/- ഡിമാന്റ് ചെയ്തിട്ടുള്ളതും തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുള്ളതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ 31.03.21 ന ശേഷം നാളിതുവരെ ഈ ഇനത്തിൽ തുകയൊന്നും തന്നെ ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ളതായി കാണുന്നില്ല. നിലവിൽ ഈ ഹെഡിലെ ബാലൻസ് ₹51,61,880/- ആണ്.

ലോൺ ഇനത്തിൽ തുക ഡിമാന്റ് ചെയ്ത് ദീർഘകാലമായി അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതിന്റെ കാരണം വിശദീകരിക്കുന്നതിനായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയിരുന്നു ( നം.01/20-21 25.09.21 ). ഇതിനുള്ള മറുപടിയിൽ ലൈഫ് മിഷൻ ഫേസ് 3 ഭൂരഹിത ഭവനരഹിതരിൽ നിന്നും 38 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നല്കിയെന്നും അതിൽ 26 പേർ ഉടൻ ഭവനനിർമ്മാണം ആരംഭിക്കുന്നതിന് സന്നദ്ധരായതിനാൽ താമസംവിനാ ഫണ്ട് അനുവദിക്കുന്നതിനാണ് തുക ഡിമാന്റ് ചെയ്തതെന്നും അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ തുക ആവശ്യമുള്ള ഗ്രാമപഞ്ചായത്തുകൾ അടിയന്തിരമായി തുക ആവശ്യപ്പെടുന്നതിന് ലൈഫ് ജില്ലാ മിഷനിൽ നിന്നും നിർദ്ദേശം ലഭിച്ചിരുന്നതായും അറിയിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവിന് ₹2,20,000/- ക്രമത്തിൽ 26 പേർക്ക് ആവശ്യമുള്ള ₹57,20,000/- ആണ് ആവശ്യപ്പെട്ടിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം അവസാനിച്ചതിനാലും കോവിഡ്-19 പശ്ചാത്തലത്തിലും പ്രോജക്ട് നടപ്പിലാക്കുന്നതിന് കാലതാമസം നേരിട്ടതായും പുതിയ സാമ്പത്തിക വർഷത്തിലെ പ്രോജക്ടുകൾക്ക് അംഗീകാരം വൈകിയതിനാലുമാണ് തുക വിനിയോഗിക്കാൻ സാധിക്കാതെ പോയതെന്നും ഉടൻ തന്നെ പദ്ധതി നിർവ്വഹണത്തിന് വിനിയോഗിക്കുമെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

ലോൺ ഇനത്തിലെ തുക വിനിയോഗിക്കാതെ ദീർഘകാലമായി നിഷ്ക്രിയമായി തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല.

അർഹരായ ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ട് തുകയുടെ വിനിയോഗം ഉറപ്പുവരുത്തേണ്ടതും അധിക തുക അക്കൗണ്ടിൽ നിഷ്ക്രയമായി അനിശ്ചിത കാലത്തേക്ക് സൂക്ഷിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ലോൺ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-33 ലൈഫ് ഭവന പദ്ധതി ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താവ് രണ്ട് വർഷത്തിനുശേഷവും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല

ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി 07.01.19 ന് കരാർ വച്ച് 08.02.19 തീയതിയിൽ ആദ്യ ഗഡു തുക ₹40,000/- അഡ്വാൻസായി കൈപ്പറ്റിയ "ശ്രീമതി സ്റ്റെല്ല, കല്ലുംപുറത്ത് കിഴക്കേത്തറ, മാലിഭാഗം " എന്ന ഗുണഭോക്താവ് നാളിതുവരെ വീടുപണി ആരംഭിച്ചിട്ടില്ല.

ഭവന നിർമ്മാണം നടത്തുന്നതിനോ തുക തിരികെ ഒടുക്കുന്നതിനോ നിർവ്വഹണോദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ രേഖാമൂലം ആവശ്യപ്പെട്ടിട്ടും യാതൊരു തുടർനടപടിയും ഗുണഭോക്താവ് സ്വീകരിച്ചിട്ടില്ലായെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

ഗുണഭോക്താവ് ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതിനാലും കരാർ കാലാവധി അവസാനിച്ചതിനാലും കരാർ വ്യവസ്ഥകൾ പാലിച്ചിട്ടില്ലാത്തതിനാലും ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ച തുക ( കരാർ പ്രകാരമുള്ള പലിശ സഹിതം ) ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. - 12/20-21, 27.09.21

## 1-34 ലൈഫ് ഭവന നിർമ്മാണ പദ്ധതി - വീടുകൾ പൂർത്തീകരിച്ചില്ല.

ലൈഫ് ഭവന പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ 7 ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിനായി നിർവ്വഹണോദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമായി കരാറിൽ ഏർപ്പെട്ടിരുന്നു. ഒരു വീട് പൂർത്തീകരിക്കുന്നതിനായി ഒരു ഗുണഭോക്താവിന് നാല് ലക്ഷം രൂപയാണ് അനുവദിക്കുന്നത്. പൊതു വിഭാഗത്തിൽ നിന്നുള്ള 4 ഗുണഭോക്താക്കൾക്കും,

എസ്.സി വിഭാഗത്തിലെ 3 ഗുണഭോക്താക്കൾക്കുമാണ് കരാർ വച്ച് ആനുകൂല്യം നല്കിയിട്ടുള്ളത്. ഈ ഗുണഭോക്താക്കളിൽ ആരും തന്നെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ കരാറിൽ ഏർപ്പെട്ട് ഭവന നിർമ്മാണം ആരംഭിച്ച രണ്ടു ഗുണഭോക്താക്കളും വീട്ടു പണി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല.

പൊതുവിഭാഗം

| ക്രമ നം | ഗുണഭോക്താവിന്റെ പേര് ശ്രീ /ശ്രീമതി | അനുവദിച്ച തുക ₹ | എഗ്രിമെന്റ് തീയതി | ആദ്യഗഡു അനുവദിച്ച തീയതി |
|---|---|---|---|---|
| 1 | സന്ധ്യ, കൈപ്പടയ്ക്കൽ, വടക്കുംഭാഗം | 40,000/- | 27.02.21 | 27.02.21 |
| 2 | മഹിളാ മണി, ഹരി നിവാസ്, വടക്കുംഭാഗം | 40,000/- | 27.02.21 | 27.02.21 |
| 3 | വിജയമ്മ, ചുടുകാട്ടിൽ തെക്കതിൽ, വടക്കുംഭാഗം | 40,000/- | 27.02.21 | 27.02.21 |
| 4 | തമ്പാൻ, സജീഷ് ഭവനം, വടക്കുംഭാഗം | 40,000/- | 10.03.21 | 10.03.21 |
| 5 | ലിറ്റിൽ ഫ്ളവർ, സർപ്പത്തുവിള | 3,00,000/- | 23.09.19 | 23.09.19 |
| 6 | ജയശ്രീ, വലിയകാട്ടിൽ വിള, വടക്കുംഭാഗം | 2,00,000/- | 20.03.19 | 20.03.19 |

എസ് സി പി

| ക്രമ നം | ഗുണഭോക്താവിന്റെ പേര് ശ്രീ /ശ്രീമതി | അനുവദിച്ച തുക ₹ | എഗ്രിമെന്റ് തീയതി | ആദ്യഗഡു അനുവദിച്ച തീയതി |
|---|---|---|---|---|
| 1 | ബീന, കൊച്ചുപുരയിൽ | 2,00,000/- | 27.02.21 | 27.02.21 |
| 2 | സരസ്വതി, ഭദ്രാലയം | 2,00,000/- | 08.03.21 | 08.03.21 |
| 3 | ലതിക, രമ്യാ ഭവനം | 40,000/- | 27.02.21 | 27.02.21 |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി വിലയിരുത്തി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പ്രോജക്ട് ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സി.എച്ച്.സി-യ്ക്ക് ജനറേറ്റർ - അവശേഷിക്കുന്ന തുക തിരികെ അടവാക്കിയില്ല

മെഡിക്കൽ ഓഫീസർ സി.എച്ച്.സി, നിർവ്വഹണം നടത്തിയ സി.എച്ച്.സിയ്ക്ക് ജനറേറ്റർ സ്ഥാപിക്കൽ എന്ന പ്രോജക്ട് പ്രകാരം പൊതുമരാമത്ത് ബിൽഡിംഗ് സെക്ഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 200000/- (ചെക്ക് നമ്പർ 931702/30.01.2020) രൂപയും, 62810/- (ബിൽ നം.2/27.04.2020) രൂപയും ജനറേറ്റർ വാങ്ങുന്നതിനായി പൊതുമരാമത്ത് ബിൽഡിംഗ് ഡിവിഷൻ, കൊല്ലത്തിന് മുൻകൂർ നൽകിയിട്ടുണ്ട്.

ജനറേറ്റർ സ്ഥാപിക്കുന്നതിനായി ആകെ 251130/-രൂപയാണ് ചെലവഴിച്ചതെന്ന് പൊതുമരാമത്ത് ബിൽഡിംഗ്, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വിനിയോഗ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവശേഷിക്കുന്ന 11680/- രൂപ തിരികെ അടവാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക- 11680/-രൂപ

ഓഡിറ്റ് എൻക്വയറി 10/28.09.21

3-2 തെരുവു വിളക്കുകളുടെ കറണ്ട് ചാർജ്ജ് രണ്ട് തവണ ഒടുക്കി.

മീറ്ററിംഗ് നടപ്പിലാക്കിയ 25748 മുതൽ 25767 വരെയുള്ള കൺസ്യൂമർ നമ്പറിലുള്ള തെരുവവിളക്കുകളുടെ 3/2020-ലെ കറണ്ട് ചാർജ്ജ് 31852/-രൂപ, 20.04.2020 ലെ 931743-ാം നമ്പർ ചെക്ക് പ്രകാരം ഒടുക്കിയിട്ടുണ്ട്. എന്നാൽ 18.05.2020-ൽ ചെക്ക് നം. 931752 പ്രകാരം 3/20, 4/20 മാസങ്ങളിലെ കറണ്ട് ചാർജ്ജ് 92771/- രൂപ ഒടുക്കവരുത്തിയിട്ടുണ്ട്. 20.04.2020-ൽ ഒടുക്കവരുത്തിയ 3/2020 ലെ കറണ്ട് ചാർജ്ജ് വീണ്ടും 18.05.2020ൽ ഒടുക്കിയിട്ടുള്ളത് അംഗീകരിക്കുന്നില്ല. ടി തുക 31852/- രൂപ സെക്രട്ടറിയിൽ നിന്ന് ഈടാക്കി ഒടുക്കവരുത്തേണ്ടതാണ്. 3/20 ലെ കറണ്ട് ചാർജ്ജ് ഉൾപ്പെടുത്തിയാൽതന്നെ, 18.05.20 ലെ ചെക്ക് നം. 931752 പ്രകാരം ഒടുക്കവരുത്തിയ കറണ്ട് ചാർജ്ജ് 92771/-രൂപ മറ്റ് മാസങ്ങളെ അപേക്ഷിച്ച് വളരെയധികമായതിനാൽ, വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 18.05.2020-ൽ ഒടുക്കവരുത്തിയ 92771/- രൂപയിൽ, രണ്ടാമത് തവണ ഒടുക്കവരുത്തിയ 3/2020-ലെ കറണ്ട് ചാർജ്ജ് 31852/- രൂപ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതും അവശേഷിക്കുന്ന 60919/-രൂപ വിശദമായ ചെലവ് രേഖകൾ ലഭ്യമാക്കാത്തതിനാൽ തടസ്സത്തിൽവയ്ക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/28.09.21) മറുപടിയായി KSEB-യിൽ നിന്ന് വിശദാംശം ലഭ്യമാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. സാമ്പത്തികവർഷം കറണ്ട് ചാർജ്ജ് ഒടുക്കവരുത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഒടുക്കിയ കാലയളവ് | തുക(രൂപ) | ചെക്കുനം. /തീയതി |
|---|---|---|
| 3/20 | 31852/- | 931743/20.4.20 |
| 4/20 | 92771/- | 931752/18.5.20 |
| 5/20 | 38627/- | 9784/19.6.20 |
| 6/20 | 41122/- | 5556/6.8.20 |
| 7/20 | 41234/- | 12722/7.9.20 |
| 8/20 | 43178/- | 147838/11.9.20 |
| 9/20 | 39244/- | 147846/9.10.20 |
| 10/20 | 44204/- | 147853/11.11.20 |
| 11/20 | 38824/- | 147861/11.12.20 |
| 12/20 | 46000/- | 147872/11.1.21 |
| 1/21 | 43008/- | 147881/10.2.21 |
| 2/21 | 39363/- | 147896/9.3.21 |

ആവർത്തനചെലവുകളായ കറണ്ട് ചാർജ്ജ്, വാട്ടർ ചാർജ്ജ് തുടങ്ങിയവയുടെ കൃത്യമായ മോണിട്ടറിംഗിലും ബിൽ തുകയിലെ അസ്വാഭാവികമായ വർദ്ധനവ് ശ്രദ്ധിച്ച് നടപടികൾ സ്വീകരിക്കുന്നതിനും സെക്രട്ടറിയുടെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുണ്ട്. കണ്ടിജന്റ് ബിൽ രജിസ്റ്റർ കൃത്യതയോടെ പരിപാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 60919/-രൂപ

നിരാകരിക്കുന്ന തുക – 31852/-രൂപ

എൻക്വയറി നമ്പർ-18/28.9.21

3-3 പത്താംതരം, ഹയർസെക്കന്ററി തുല്യത -ഒരിക്കൽ രജിസ്റ്റർ ചെയ്ത പഠിതാക്കളെ വീണ്ടും രജിസ്റ്റർ ചെയ്യുന്നതിന് ചെലവഴിച്ച 45900/- രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നമ്പർ- S0099/21

അടങ്കൽ തുക – 60000/- (വികസനഫണ്ട്-ജനറൽ)

ചെലവ്- 59600/-

ബിൽനം., തീയതി-08/20-21, 27.2.21

നിർവ്വഹണം- ഹെഡ് മാസ്റ്റർ

2020-21 വർഷത്തിൽ പത്താംതരം, ഹയർസെക്കന്ററി തുല്യത പരീക്ഷ രജിസ്ട്രേഷൻ ഫീസിനത്തിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചു.

| ഇനം | ഒരു പഠിതാവിന്റെ രജിസ്ട്രേഷൻ ഫീസ്(രൂപ) | ആകെ |
|---|---|---|
| പത്താംതരം തുല്യത | 1850/- | 29600/- (16*1850) |
| ഹയർസെക്കന്ററി തുല്യത | 2500/- | 30000/- (12*2500) |
| ആകെ | | 59600/- |

1) 2018-19, 2019-20 വർഷങ്ങളിൽ രജിസ്റ്റർ ചെയ്ത 14 പഠിതാക്കളെ ഉൾപ്പെടുത്തിയാണ് 2020-21 വർഷത്തിൽ പത്താംതരം തുല്യത പരീക്ഷയ്ക്ക് രജിസ്ട്രേഷൻ ഫീസ് ഒടുക്കിയത്. 2 പഠിതാക്കൾ മാത്രമാണ് 2020-21 വർഷത്തിൽ പുതിയതായി രജിസ്റ്റർ ചെയ്തതിട്ടുള്ളത്.ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| പഠിതാക്കളുടെ പേര് | രജിസ്ട്രേഷൻ /ആപ്ലിക്കേഷൻ നമ്പർ /തീയതി | രജിസ്റ്റർ ചെയ്ത വർഷം |
|---|---|---|
| അംബിക.എസ് | 118956/10.2.19 | 2018-19 |
| സുനിൽകുമാർ | 248692/10.2.20 | 2019-20 |
| മിനിമോൾ.പി | 249086/10.2.20 | 2019-20 |
| ജിതിൻ ജോൺസൺ | 249247/10.2.20 | 2019-20 |
| വിനോദ്കമാർ.ഒ | 253769/10.2.20 | 2019-20 |
| ജീബ.ജി | 256570/10.2.20 | 2019-20 |
| അജിത് കമാർ.എസ് | 274734/10.2.20 | 2019-20 |
| സന്ധ്യ.റ്റി | 279324/10.2.20 | 2019-20 |
| ശ്രീരാജ്.എസ് | 294752/10.2.20 | 2019-20 |
| മണികണ്ഠൻ.എസ് | 294768/10.2.20 | 2019-20 |
| സരസ്വതി.കെ | 294789/10.2.20 | 2019-20 |
| ആന്റണി ഫെർണാണ്ടസ് | 251704/10.2.20 | 2019-20 |
| ദിൽസൺ.വൈ | 229484/10.2.20 | 2019-20 |
| രാജമണി.എസ് | 294865/10.2.20 | 2019-20 |
| രാജി.എസ് | 256869/10.2.21 | 2020-21 |
| രമ്യ.ആർ | 254301/10.2.21 | 2020-21 |

മേൽ പട്ടികയിലെ അവസാന പേരുകാർ മാത്രമാണ് 2020-21 വർഷത്തിൽ പുതുതായി രജിസ്റ്റർ ചെയ്യപ്പെട്ടവർ.

2) 2019-20 വർഷത്തിൽ രജിസ്റ്റർ ചെയ്ത 8 പഠിതാക്കളെ ഉൾപ്പെടുത്തിയാണ് 2020-21 വർഷത്തിൽ ഹയർസെക്കന്ററി തുല്യത പരീക്ഷയ്ക്ക് രജിസ്ട്രേഷൻ ഫീസ് ഒടുക്കിയത്. 4 പഠിതാക്കൾ മാത്രമാണ് 2020-21 വർഷത്തിൽ പുതിയതായി രജിസ്റ്റർ ചെയ്തതിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| പഠിതാക്കളുടെ പേര് | രജിസ്ട്രേഷൻ /ആപ്ലിക്കേഷൻ നമ്പർ /തിയതി | രജിസ്റ്റർ ചെയ്ത വർഷം |
|---|---|---|
| ശരത്.എസ് | 248159/12.2.20 | 2019-20 |
| ജോസി ജോർജ്ജ് | 248454/12.2.20 | 2019-20 |
| ഇന്ദു ജോയ് | 249071/12.2.20 | 2019-20 |
| രതി.ആർ | 229617/12.2.20 | 2019-20 |
| ജീന പീറ്റർ | 229615/12.2.20 | 2019-20 |
| സാബി.ജെ | 229613/12.2.20 | 2019-20 |
| അഭിജിത്ത്.ആർ.എസ് | 229716/12.2.20 | 2019-20 |
| മേർളി.എൽ | 229721/12.2.20 | 2019-20 |
| രഞ്ജിനി.എസ് | 256574/12.2.21 | 2020-21 |
| വൈഷ്ണവി.എ | 279227/12.2.21 | 2020-21 |
| രമ്യ.എസ് | 279642/12.2.21 | 2020-21 |
| ശൈലേന്ദ്രകുമാർ.പി | 27965 /12.2.21 | 2020-21 |

മേൽ പട്ടികയിലെ അവസാന 4 പേർ മാത്രമാണ് പുതുതായി രജിസ്റ്റർ ചെയ്യപ്പെട്ടവർ.

2020-21 വർഷത്തിൽ പത്താംതരം, ഹയർസെക്കന്ററി തുല്യത പരീക്ഷ രജിസ്ട്രേഷൻ രേഖകളിൽ 2018-19, 2019-20 വർഷങ്ങളിൽ രജിസ്റ്റർ ചെയ്ത രേഖകൾ ഉൾപ്പെടുത്തിയതിന് രേഖാമൂലം വിശദീകരണം, ആയതിന്റെ കൃത്യത പരിശോധിക്കുന്നതിന് 2018-19 (പത്താംതരം), 2019-20 (പത്താംതരം, ഹയർ സെക്കന്ററി) വർഷങ്ങളിലെ പ്രോജക്റ്റ്, രജിസ്ട്രേഷൻരേഖകൾ, പഠിതാക്കളുടെ അറ്റൻഡൻസ് എന്നിവ പരിശോധിക്കുന്നതിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2018-19, 2019-20 വർഷങ്ങളിൽ രജിസ്റ്റർ ചെയ്ത പഠിതാക്കളെയാണ് 2020-21 വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തി തുക ഒടുക്കിയിരിക്കുന്നതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പത്താംതരം തുല്യത പരീക്ഷ രജിസ്ട്രേഷൻ ഫീസിനത്തിൽ അധികം ചെലവഴിച്ച 25900/-(14*1850)രൂപയും, ഹയർസെക്കന്ററി തുല്യത പരീക്ഷ ഫീസിനത്തിൽ അധികം ചെലവഴിച്ച 20000/-(2500*8)രൂപയും ചേർത്ത് ആകെ 45900/- രൂപ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി രേഖാമൂലം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക – 45900/- രൂപ
എൻക്വയറി നം-20/28-9-21

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 22.9.21 To 24.9.21 | KSA-KLM-P2/1343/21 Dtd. 02.02.2022 |

### 4-2 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

(മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ചവറ ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 100000/- | 52/21- പാലിയേറ്റിവ് കെയർ | 100000/- | 0 |
| ചവറ ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 847000/- | 53/21- ലൈഫ് മിഷൻ ഭൂരഹിതർക്ക് ഭൂമിവാങ്ങിനൽകലും, ഭവനനിർമ്മാണവും. | 847000/- | 0 |
| ചവറ ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 100000/- | 4/21- അനുപൂരക പോഷകാഹാര പദ്ധതി | 100000/- | 0 |
| ചവറ ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000/- | 35/21- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 200000/- | 0 |
| ചവറ ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 100000/- | 111/21- വൃദ്ധജനങ്ങൾക്ക് കട്ടിൽ | 100000/- | 0 |
| ചവറ ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 60000/- | 143/21-ലൈഫ് മിഷൻ-ഭവനനിർമ്മാണം (ജനറൽ) | 60000/- | 0 |
| ചവറ ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 700000/- | 110/21-ലൈഫ് മിഷൻ ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകലും ഭവനനിർമ്മാണവും. | 700000/- | 0 |
| കൊല്ലം ജില്ലാ പഞ്ചായത്ത് | 2020-21 | 100000/- | 4/21- അനുപൂരക പോഷകാഹാര പദ്ധതി | 100000/- | 0 |
| കൊല്ലം ജില്ലാ പഞ്ചായത്ത് | 2020-21 | 64000/- | 35/21-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 64000/- | 0 |
| കൊല്ലം ജില്ലാ പഞ്ചായത്ത് | 2020-21 | 400000/- | 110/21-ലൈഫ് മിഷൻ ഭൂരഹിതർക്ക് ഭൂമി വാങ്ങിനൽകലും, ഭവനനിർമ്മാണവും. | 400000/- | 0 |
| കൊല്ലം ജില്ലാ പഞ്ചായത്ത് | 2020-21 | 4600000/- | 146/21-ലൈഫ് മിഷൻ ഭൂരഹിതർക്ക് ഭൂമി വാങ്ങിനൽകലും, ഭവനനിർമ്മാണവും. | 4600000/- | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽനം/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക(രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|
| KWA | പൊതുകുടിവെള്ളടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള ഫീസ് | 15/20-21, 2.11.20 | 193000/- | 193000/- | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 5720000/-രൂപ വരവുണ്ട്. മുൻബാക്കി 1880/-രൂപയടക്കം 5721880/- രൂപയിൽ 560000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷം ലഭിച്ച വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | 6105/2019, 1.8.19 | 5720000/- | 17820589/- | 1331256/- | | 22209333/- |

4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 500/- |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 500/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 500/- |

4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഭാഗം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 2-1 | 2010-11 | 2-5 | വരുമാനവർദ്ധനവിനുള്ള നടപടികളുടെ അഭാവം | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 72669091/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60108167/- |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 89432/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1300395/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 11680/- | ഡോ. അനൂപ്. വി.എസ് (മെഡിക്കൽ ഓഫീസർ സി.എച്ച്.സി ) |
| 3-2 | | 31852/- | ശ്രീ. ഷാനവാസ്.എ (സെക്രട്ടറി) |
| 3-3 | | 45900/- | ശ്രീ.ജോൺസൺ.ജി. (ഹെഡ് മാസ്റ്റർ) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 17309/- | ശ്രീ.സേവ്യർ.എ (സെക്രട്ടറി) |
| 1-16 | 39797/- | ശ്രീ.ജയദേവ് (അസി.സെക്രട്ടറി) (സെക്രട്ടറി-ഇൻചാർജ്ജ് ) |
| 1-17 | 58416/- | ശ്രീ.സേവ്യർ.എ (സെക്രട്ടറി) |
| 1-18 | 193000/- | ശ്രീ.സേവ്യർ.എ (സെക്രട്ടറി) |
| 1-19 | 6250/- | ശ്രീമതി.ഷിജിന.എൻ (കൃഷി ഓഫീസർ) |
| 1-20 | 424704/- | ഡോ.ഗാഥ.ജി (വെറ്റിനറി സർജൻ) |
| 1-28 | 60919/- | ശ്രീ. ഷാനവാസ്.എ (സെക്രട്ടറി) |
| 1-29 | 500000/- | ശ്രീ.ജോൺസൺ.ജി. (ഹെഡ് മാസ്റ്റർ) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 1-7-2 - 107900/-

ഖണ്ഡിക 1-7-3 - 350600/-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേ ഷണം ആവശ്യമായവ

ഖണ്ഡിക 1-7-2 , ഖണ്ഡിക 1-7-3

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സേവ്യർ.എ (സെക്രട്ടറി) | സെക്രട്ടറി, തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് | മരിയാലയം, ഇടത്തുരുത്ത്, ചവറ.പി.ഒ |
| ശ്രീ. ഷാനവാസ്.എ (സെക്രട്ടറി) | സെക്രട്ടറി, തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് | വൈവേലിൽ, ഇടക്കുളങ്ങര പി.ഒ കരുനാഗപ്പള്ളി |
| ശ്രീ.ജോൺസൺ.ജി. (ഹെഡ് മാസ്റ്റർ) | വിരമിച്ചു. | സരയു, അരിനല്ലൂർസൌത്ത്.പി.ഒ,കൊല്ലം. |
| ശ്രീമതി.ഷിജിന.എൻ (കൃഷി ഓഫീസർ) | കൃഷിഓഫീസർ, തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് | പിള്ളവീട്-3 നടുവിലക്കര, തേവലക്കര.പി.ഒ |
| ഡോ.ഗാഥ.ജി (വെറ്റിനറി സർജൻ) | വെറ്റിനറി സർജൻ, തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് | വെൺകടമ്പിൽ വടക്കുംതല.പി.ഒ, കരുനാഗപ്പള്ളി |
| ശ്രീ.ജയദേവ് (സെക്രട്ടറി) ഇൻചാർജ്ജ്) | അസി.സെക്രട്ടറി, തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് | മനുഭവൻ, ദർശന നഗർ നം. 8, പട്ടത്താനം പി.ഒ |
| ഡോ. അനൂപ്. വി.എസ് (മെഡിക്കൽ ഓഫീസർ സി.എച്ച്.സി ) | മെഡിക്കൽ ഓഫീസർ സി.എച്ച്.സി, തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് | ഏച്ചംപറമ്പിൽ, (KNRA-55) കാവൽ, കൊല്ലം- 691013 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2008-2009 | കെ.എസ്.എ.-കെ.എൽ.എം പി2/754/19/07.06.19 | 2 |
| 2009-2010 | കെ.എസ്.എ.-കെ.എൽ.എം പി2/754/19/07.06.19 | 2 |
| 2012-2013 | എൽ.എഫ്.ക്യു.പി.5./ 126/15/03.08.15 | 11 |
| 2013-2014 & 2014-2015 | കെ.എസ്.എ.-കെ.എൽ.എം പി5-139/17/01.05.17 | 6 |
| 2015-2016 | കെ.എസ്.എ.-കെ.എൽ.എം പി5-985/17/26.06.17 | 12 |
| 2016-2017 | കെ.എസ്.എ.-കെ.എൽ.എം പി2-1126/18/09.07.18 | 3 |

| | | |
|---|---|---|
| 2017-2018 | കെ.എസ്.എ-കെ.എൽ.എം/<br>പി 2-1127/2018/18.05.2019 | 9 |
| 2018-2019 | കെ.എസ്.എ-കെ.എൽ.എം.<br>പി 2./894/2019/14/05/2020 | 5 |
| 2019-20 | കെ.എസ്.എ-കെ.എൽ.എം.<br>പി 2./553/2021/26.3.21 | 11 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ , (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്